ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഭരണഭാഷ മാതൃഭാഷ

E-mail: secretary@niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
28.03.2017.

നമ്പർ 10217/ എം.എ.ഇ 2/2014/ നി. സെ.

## ക്വട്ടേഷൻ പരസ്യം

നിയമസഭാ ഹോസ്റ്റലിൽ താമസിക്കുന്ന നിയമസഭാ അംഗങ്ങളുടെ ഉപയോഗത്തിനായി അഞ്ചു ബ്ലോക്കുകളിലെയും എല്ലാ നിലകളിലും സ്ഥാപിക്കുന്നതിനായി 30 കുടിവെള്ള ഡിസ്പെൻസറുകൾ, സ്റ്റാൻഡ്, തുടർന്നുള്ള റീഫില്ലുകൾ എന്നിവ ഒരു വർഷത്തെ കാലയളവിലേയ്ക്ക് വിതരണം ചെയ്യുവാൻ താൽപര്യമുള്ള അംഗീകൃത കുടിവെള്ള വിതരണ കമ്പനികളിൽ നിന്നും മുദ്രവച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഒരു ഡിസ്പെൻസർ, ഒരു സ്റ്റാൻഡ്, ഒരു റീഫിൽ എന്നിവയുടെ വിലകൾ പ്രത്യേകം രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 11.04.2017-ന് വൈകുന്നേരം 4.00 മണിക്കു മുമ്പായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷൻ കവറിനു മുകളിൽ "നിയമസഭാ ഹോസ്റ്റലിൽ കുടിവെള്ള ഡിസ്പെൻസറുകൾ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

12.04.2017-ന് രാവിലെ 11.00 മണിക്ക് എസ്റ്റേറ്റ് ഓഫീസറുടെ ഓഫീസിൽ വച്ച് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷനുകൾ പരിശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ അടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ പരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വ്യക്തി / സ്ഥാപനത്തിന് ഓർഡർ നൽകുന്നതാണ്. ഒന്നിലധികം വ്യക്തികൾ / സ്ഥാപനങ്ങൾ ഒരേ തുക ക്വാട്ട് ചെയ്താൽ പ്രസ്തുത വ്യക്തികളെ / സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള നറുക്കെടുപ്പിലൂടെ ഓർഡർ സ്ഥിരപ്പെടുത്തുന്നതാണ്. ഓർഡർ ലഭിക്കുന്ന വ്യക്തി / സ്ഥാപനം വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഓർഡർ ലഭിക്കുന്ന സ്ഥാപനം തുടർന്നുള്ള റീഫില്ലുകൾക്കായുള്ള അറിയിപ്പ് ലഭിച്ച് 24 മണിക്കൂറിനകം റീഫില്ലുകൾ വിതരണം ചെയ്യേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ മാറ്റി വയ്ക്കുന്നതിനോ നിരസിക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓർഡർ ലഭിച്ച് 15 ദിവസത്തിനകം ഓർഡർ ലഭിക്കുന്ന വ്യക്തി /സ്ഥാപനം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ഡിസ്പെൻസറുകൾ നിർദ്ദേശിക്കപ്പെടുന്ന സ്ഥാനങ്ങളിൽ സ്ഥാപിച്ചു നൽകേണ്ടതാണ്.

എം. കെ. സുരേന്ദ്രലാൽ,
എസ്റ്റേറ്റ് ഓഫീസർ,
നിയമസഭാ ഹോസ്റ്റൽ

*ss/fcp6/mae.2/22.3.17*